കൂത്താട്ടുകുളം-പിറവം റോഡിൽ ഓണക്കൂർ പാലത്തിന്റെ പണി

163 (3040) ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൂത്താട്ടുകുളം-പിറവം റോഡിൽ ഓണക്കൂർ പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും പണികൾ പൂർത്തിയായോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ബി) എന്നത്തേയ്ക്ക് ഇതിന്റെ പണികൾ പൂർത്തിയാകുമെന്ന് വെളിപ്പെടുത്തുമോ ;

(സി) പാലാ മുതൽ പിറവം വരെയുള്ള റോഡിന്റെ വളവുകൾ നിവർത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചുവോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഡി) എന്നത്തേയ്ക്ക് ഇത് പൂർത്തിയാകുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ & ബി) ടാറിംഗ് ഒഴികെയുള്ള പണികൾ പൂർത്തിയായിക്കഴിഞ്ഞു. ബാക്കി പണികൾ ഉടനെ ആരംഭിക്കുന്നതാണ്.

(സി) വളവുകൾ നിവർക്കുന്നതിനുവേണ്ടി വരുന്ന സ്ഥലങ്ങൾ എടുക്കുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

(ഡി) സ്ഥലമെടുപ്പ് പൂർത്തിയായി ഫണ്ടും ലഭിക്കുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതാണ്.

കാരാപറമ്പ-ആറളം-വീർപാട്-എടവേലി-അത്തിക്കൽ റോഡ്

164 (3041) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ ആറളം ഗ്രാമപഞ്ചായത്തിലെ കാരാപറമ്പ-ആറളം-വീർപാട്-എടവേലി-അത്തിക്കൽ റോഡ് സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത റോഡിൽ ചെടിക്കുളം മുതൽ വീർപ്പാട് വരെയുള്ള ഏകദേശം ഒരു കിലോമീറ്റർ ദൂരം ഒഴിവാക്കിയാണ് ഈ റോഡ് ഏറ്റെടുത്തതെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഈ ഒരു കിലോമീറ്റർ ദൂരം കൂടി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ റോഡ് 23/12/1993-ലെ ജി. ഒ.(ആർ. റ്റി.) 1776/93/പൊ.മ.വ. പ്രകാരം ഏറ്റെടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത റോഡിന്റെ ചെടിക്കുളം മുതൽ വീർപ്പാട് വരെയുള്ള ഭാഗം പഞ്ചായത്തു തന്നെ അഭിവൃദ്ധിപ്പെടുത്തൽ നടത്തിയതിനാൽ പൊതുമരാമത്ത് വകുപ്പ് റോഡ് ഏറ്റെടുക്കുന്ന പ്രൊപ്പോസലിൽ ടി ഭാഗം ഒഴിവാക്കി കഴിഞ്ഞു. 9.300 കിലോമീറ്റർ ഏറ്റെടുക്കണമെന്നാണ് പഞ്ചായത്ത് ആവശ്യപ്പെട്ടത്.

(സി) പഞ്ചായത്തു തീരുമാനം ലഭിച്ചാൽ ഈ ഭാഗം കൂടി ഏറ്റെടുക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

തൃശ്ശൂർ മുളങ്കുന്നത്തുകാവ് മെഡിക്കൽ കോളേജിലെ സ്റ്റാഫ് കാർട്ടേഴ്സ് പണി

165 (3042) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ മുളങ്കുന്നത്തുകാവ് മെഡിക്കൽ കോളേജിൽ എത്ര സ്റ്റാഫ് കാർട്ടേഴ്സ് പണി തീർത്തിട്ടുണ്ട് ;

(ബി) അവയെല്ലാം ആരോഗ്യ വകുപ്പിന് കൈമാറിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത കാർട്ടേഴ്സ് ആവശ്യക്കാർക്ക് അനുവദിക്കുവാൻ കഴിയുമാറ് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 61 യൂണിറ്റിൽ 55 യൂണിറ്റ് പണിതിട്ടുണ്ട്.

(ബി) 55 യൂണിറ്റ് കൈമാറിയിട്ടുണ്ട്. ബാക്കി 6 യൂണിറ്റ് പണിതുകൊണ്ടിരിക്കുകയാണ്.

(സി) ആവശ്യമായ നടപടി സ്വീകരിക്കുവാൻ ആരോഗ്യവകുപ്പിന് നിർദ്ദേശം നൽകുന്നതാണ്.

റോഡുകളുടെ അറ്റകുറ്റപ്പണി

166 (3043) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റോഡുകളുടെ അറ്റകുറ്റപ്പണി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സർക്കാർ എന്തെല്ലാം സംവിധാനമാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനു യഥാസമയം അറ്റകുറ്റപ്പണി നടത്തുന്നതിനും ഉദ്ദേശം എന്ത് തുക വേണ്ടി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(സി) റോഡുകളുടെ അറ്റകുറ്റപ്പണി നടത്തുന്നതിന് ആവശ്യമായ തുക മറ്റേതെങ്കിലും ഏജൻസിയിൽ നിന്നും സ്വരൂപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly